# NATIONAL BULLETIN

**DATE : 21.12.2024** പ്രധാന വാർത്തകൾ **TIME : 07.25 PM**

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കുവൈറ്റ് സന്ദർശനത്തിന് ഉജ്ജ്വല തുടക്കം; കുവൈറ്റ് അമീറുമായും കിരീടാവകാശിയുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും.

   **Bright start to Prime Minister Narendra Modi's visit to Kuwait; The Prime Minister will meet with the Emir and the Crown Prince of Kuwait.**

2. കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻറെ അധ്യക്ഷതയിൽ രാജസ്ഥാനിൽ ചേർന്ന 55-ാമത് GST കൗൺസിൽ യോഗം സമാപിച്ചു.

   **The 55th GST Council meeting has concluded in Jaisalmer in Rajasthan under the chairmanship of Union Finance Minister Nirmala Sitharaman.**

3. കേന്ദ്ര സർക്കാരും ഏഷ്യൻ വികസന ബാങ്കും 350 ദശലക്ഷം ഡോളറിൻറെ വായ്പാ കരാറിൽ ഒപ്പുവച്ചു.

   **India signs 350 million dollars loan agreement with Asian Development Bank to expand manufacturing sector in the country.**

4. വിപണി ഇടപെടൽ വഴി വിലക്കയറ്റം ഫലപ്രദമായി തടഞ്ഞുനിർത്താൻ കേരളത്തിന് സാധിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ.

**Kerala Chief Minister Pinarayi Vijayan said that through market intervention, Kerala can effectively control the price rise.**

**5. പ്രസിഡൻറ്സ് ട്രോഫി വള്ളംകളിയിൽ കിരീടമണിഞ്ഞ് വീയപുരം ചുണ്ടൻ ; 4-ാമത് ചാമ്പ്യൻസ് ബോട്ട് ലീഗ് കിരീടം കാരിച്ചാൽ ചുണ്ടന്.**

**Veeyapuram Chundan crowned in the President's Trophy Boat Race; 4th Champions Boat League title for Karichal Chudan.**

**6. അണ്ടർ 19 വനിതാ ട്വന്റി- 20 ഏഷ്യാ കപ്പ് ഫൈനലിൽ, നാളെ, ഇന്ത്യ – ബംഗ്ലാദേശ് പോരാട്ടം.**

**In Women's Cricket, India will lock horns with Bangladesh in the final of the Under-19 Women's T20 Asia Cup at Kuala Lumpur in Malaysia tomorrow**

******************************

## PM- KUWAIT

രണ്ട് ദിവസത്തെ സന്ദർശനത്തിനായി കുവൈറ്റിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് കുവൈറ്റ് അമീറിൻറെ നേതൃത്വത്തിൽ ഊഷ്മള സ്വീകരണം. പ്രധാനമന്ത്രിയെ ഇന്ത്യൻ പ്രവാസികളും വരവേറ്റു. 101 വയസ്സുള്ള മുൻ ഇന്ത്യൻ വിദേശകാര്യ ഓഫീസർ മംഗൾ സൈൻ ഹന്ദയുമായും രാമായണവും മഹാഭാരതവും അറബിയിലേക്ക് വിവർത്തനം ചെയ്ത അബ്ദുല്ല അൽ ബറൂൺ, അറബിക് പതിപ്പുകൾ പ്രസിദ്ധീകരിച്ച അബ്ദുൾ ലത്തീഫ് അൽ നെസെഫ് എന്നിവരുമായും ശ്രീ.മോദി കൂടിക്കാഴ്ച നടത്തി. പ്രധാനമന്ത്രി ഇപ്പോൾ ഷെയ്ഖ് സാദ് അൽ അബ്ദുല്ല സ്പോർട്സ് കോംപ്ലക്സിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ ഇന്ത്യൻ പ്രവാസികളുമായി സംവദിക്കുകയാണ്. സന്ദർശനത്തിൻറെ ഭാഗമായി പ്രധാനമന്ത്രി, ബയാൻ കൊട്ടാരത്തിൽ ആചാരപരമായ ഗാർഡ് ഓഫ് ഓണർ സ്വീകരിക്കും. തുടർന്ന്

കുവൈത്ത് അമീറുമായും കിരീടാവകാശിയുമായും കൂടിക്കാഴ്ച നടത്തും. 26-ാമത് അറേബ്യൻ ഗൾഫ് കപ്പിൻ്റെ ഉദ്ഘാടന ചടങ്ങിലും പങ്കെടുക്കും. സന്ദർശനം വിവിധ മേഖലകളിൽ ഇന്ത്യ-കുവൈത്ത് സൗഹൃദം ശക്തിപ്പെടുത്തുമെന്ന് സാമൂഹ്യ മാധ്യമ പോസ്റ്റിൽ പ്രധാനമന്ത്രി കുറിച്ചു.

*****************************

## GST MEETING JAISALMER

കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ്റെ അധ്യക്ഷതയിൽ രാജസ്ഥാനിലെ ജയ്സാൽമീറിൽ ചേർന്ന 55-ാമത് ജിഎസ്ടി കൗൺസിൽ യോഗം സമാപിച്ചു. ഗോവ, ഹരിയാന, ജമ്മു കശ്മീർ, മേഘാലയ, ഒഡീഷ മുഖ്യമന്ത്രിമാർ, അരുണാചൽ പ്രദേശ്, ബിഹാർ, മധ്യപ്രദേശ്, തെലങ്കാന ഉപമുഖ്യമന്ത്രിമാർ, കേരളമടക്കമുള്ള വിവിധ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ധനമന്ത്രിമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു. ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട നിരവധി സുപ്രധാന വിഷയങ്ങൾ യോഗത്തിൽ ചർച്ച ചെയ്തു.

*****************************

## SHAH- NEC ......INTRO

വടക്ക് കിഴക്കൻ സംസ്ഥാനങ്ങളെ രാജ്യത്തിൻ്റെ മറ്റ് പ്രദേശങ്ങൾക്ക് തുല്യമാക്കുകയാണ് കേന്ദ്ര സർക്കാരിൻ്റെ ലക്ഷ്യമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. അഗർത്തലയിൽ നടന്ന നോർത്ത് ഈസ്റ്റേൺ കൗൺസിലിൻ്റെ 72-ാമത് പ്ലീനറി യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ 10 വർഷം വടക്ക് കിഴക്കൻ മേഖലയുടെ വികസനത്തിന് ഏറെ നിർണായകമായ കാലഘട്ടമായിരുന്നെന്നും ശ്രീ അമിത് ഷാ പറഞ്ഞു.

( വോയിസ്....)

വടക്ക് കിഴക്കൻ മേഖലയിൽ സമാധാനം നിലനിർത്തേണ്ടത് സുപ്രധാനമാണെന്നും കേന്ദ്ര ആഭ്യന്തരമന്ത്രി വ്യക്തമാക്കി. പ്രദേശത്ത് തീവ്രവാദ പ്രവർത്തനങ്ങളിൽ 71 ശതമാനം കുറവുണ്ടായതായി മേഖലയുടെ വികസന ചുമതലയുള്ള കേന്ദ്ര മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ യോഗത്തിൽ അറിയിച്ചു.

******************************

## SHAH- NEC- BANK

വടക്ക് കിഴക്കൻ മേഖലയുടെ പ്രത്യേക ഭൂപ്രകൃതി കണക്കിലെടുത്ത് ധനസഹായത്തിനായി പ്രത്യേക മാർഗനിർദേശങ്ങൾ രൂപീകരിക്കണമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. നബാർഡ്, RBI, നോർത്ത് ഈസ്റ്റേൺ ഡെവലപ്മെൻ്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് - NEDFI എന്നിവയ്ക്ക് ഇതുസംബന്ധിച്ച നിർദേശം നൽകി. അഗർത്തലയിൽ നോർത്ത് ഈസ്റ്റ് ബാങ്കേഴ്സ് കോൺക്ലേവിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വടക്ക് കിഴക്കൻ മേഖലയിൽ പുരോഗതിയും വികസനവും ഉറപ്പാക്കേണ്ടത് രാജ്യത്തിൻറെ ആകെ ഉത്തരവാദിത്തമാണെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

******************************

## NADDA - MEETING

100 ദിന ക്ഷയരോഗ നിർമാർജന കാമ്പയിനിൻറെ ഭാഗമായി കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നദ്ദ ഇന്ന് സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും മുഖ്യമന്ത്രിമാരുമായും ആരോഗ്യ മന്ത്രിമാരുമായും ചർച്ച നടത്തി. പ്രചാരണ പരിപാടിയുടെ പുരോഗതി നിരീക്ഷിക്കാൻ അദ്ദേഹം മുഖ്യമന്ത്രിമാരുടെ പിന്തുണ അഭ്യർത്ഥിച്ചു. സാമൂഹിക അവബോധം ശക്തമാക്കുന്നതിന് നിയമസഭ

സാമാജികരുടെ സജീവ പങ്കാളിത്തമുണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു.

*****************************

## INDIA –ADB AGREEMENT

കേന്ദ്ര സർക്കാരും ഏഷ്യൻ വികസന ബാങ്കും തമ്മിൽ 350 ദശലക്ഷം ഡോളറിൻ്റെ വായ്പാ കരാറിൽ ഒപ്പുവച്ചു. മൾട്ടിമോഡൽ ആൻഡ് ഇൻ്റഗ്രേറ്റഡ് ലോജിസ്റ്റിക്സ് ഇക്കോസിസ്റ്റം പരിപാടിയുടെ ഉപ പ്രോഗ്രാമിൻ്റെ ഭാഗമാണ് ഈ വായ്പാ പദ്ധതി. ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമിട്ടുള്ള രണ്ട് പ്രോഗ്രാമുകളാണ് ഇതിൽ ഉൾപ്പെടുന്നത്.

*****************************

## MANOHARLAL

കേന്ദ്ര ഊർജ്ജ, നഗരകാര്യ മന്ത്രി മനോഹർ ലാൽ രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് കേരളത്തിലെത്തും. മുഖ്യമന്ത്രി പിണറായി വിജയനുമായി അദ്ദേഹം നാളെ തിരുവനന്തപുരത്ത് കൂടിക്കാഴ്ച നടത്തും. ഊർജ്ജ, നഗരകാര്യ പദ്ധതികളുടെ അവലോകനവും സന്ദർശനത്തിന്റെ ഭാഗമായി നടക്കും. മറ്റന്നാൾ കൊച്ചി സന്ദർശിക്കുന്ന അദ്ദേഹം വാട്ടർ മെട്രോ പ്രവർത്തനങ്ങളും വിലയിരുത്തും.

*****************************

## SUPPLYCO – CM

വിപണി ഇടപെടൽ വഴി വിലക്കയറ്റം ഫലപ്രദമായി തടഞ്ഞുനിർത്താൻ കേരളത്തിന് സാധിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. സപ്ലൈകോ ക്രിസ്തുമസ്-ന്യൂ ഇയർ ഫെയറുകളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം.

സാധാരണക്കാരും പാവപ്പെട്ടവരും വിലക്കയറ്റം മൂലം പൊറുതിമുട്ടരുതെന്ന കാഴ്ചപ്പാടാണ് സംസ്ഥാന സർക്കാരിനുള്ളത്. നെല്ലിൻറെയും നാളികേരത്തിൻറെയും ഉത്പാദനക്ഷമത നല്ല രീതിയിൽ വർധിപ്പിക്കാൻ സാധിച്ചതായും മുഖ്യമന്ത്രി പറഞ്ഞു. ഈ മാസം 30 വരെ നീളുന്ന വിപണന മേളയിൽ 13 ഇനം സബ്സിഡി സാധനങ്ങൾക്ക് പുറമെ ശബരി ഉൽപ്പന്നങ്ങളും 10 മുതൽ 40 ശതമാനം വിലക്കുറവിൽ ലഭ്യമാകും.

*****************************

## XMAS SPECIAL TRAIN

ക്രിസ്മസിനോടനുബന്ധിച്ച് റെയിൽവെ വിവിധ സോണുകളിലായി 149 സ്പെഷ്യൽ ട്രെയിൻ സർവ്വീസുകൾ നടത്തും. ക്രിസ്മസ് - ശബരിമല സീസണോടനുബന്ധിച്ച് കേരളത്തിന് പ്രത്യേക ട്രെയിനുകളും അനുവദിച്ചു. 10 സ്പെഷ്യൽ ട്രെയിനുകളാണ് വിവിധ ഇടങ്ങളിൽ നിന്നായി കേരളത്തിലേക്കും തിരിച്ചും സർവ്വീസ് നടത്തുക. ശബരിമല തീർഥാടകരുടെ സുഗമമായ യാത്രയ്ക്കായി കേരളത്തിലേക്കും തിരിച്ചും 416 പ്രത്യേക ട്രെയിൻ ട്രിപ്പുകളും പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിന് പ്രത്യേക ട്രെയിൻ അനുവദിച്ച കേന്ദ്ര റെയിൽവെമന്ത്രി അശ്വിനി വൈഷ്ണവിന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ നന്ദി അറിയിച്ചു.

*****************************

## ROZGAR MELA

ദേശീയ റോസ്ഗാർ മേളയുടെ ഭാഗമായി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൻറെ ആഭിമുഖ്യത്തിൽ തിങ്കളാഴ്ച രാവിലെ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന തൊഴിൽ മേളയിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി മുഖ്യാതിഥിയാകും. പ്രധാനമന്ത്രി നരേന്ദ്ര മോദി വീഡിയോ കോൺഫറൻസിംഗ് വഴി നിയമന ഉത്തരവുകൾ വിതരണം ചെയ്യും.

*****************************

## SABARIMALA

ശബരിമലയിൽ ഭക്തജനത്തിരക്ക് നിയന്ത്രണ വിധേയമാക്കാൻ ഈ മാസം 25, 26 തീയതികളിൽ വെർച്വൽ ക്യൂ, തൽസമയ ബുക്കിങ്ങുകളിൽ ക്രമീകരണം ഏർപ്പെടുത്തും. ഈ മാസം 25 ന് 50,000 തീർഥാടകരെയും 26 ന് 60,000 തീർഥാടകരെയുമാണ് വെർച്വൽ ക്യൂ വഴി അനുവദിക്കുക. സ്പോട്ട് ബുക്കിങ് 5,000 വീതമായി പരിമിതപ്പെടുത്തും.

*****************************

## PRESIDENTS TROPHY .... INTRO

കൊല്ലത്ത് നടന്ന പ്രസിഡൻ്റ്സ് ട്രോഫി വള്ളംകളിയിൽ വീയപുരം ചുണ്ടൻ ജേതാവ്. 4-ാമത് ചാമ്പ്യൻസ് ബോട്ട് ലീഗ് കിരീടം കാരിച്ചാൽ ചുണ്ടനും നേടി.

**വിശദാംശങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ....**

(വോയ്സ്)

*****************************

## U-19 WOMENS ASIA CUP

മലേഷ്യയിലെ ക്വാലാലംപൂരിൽ നടക്കുന്ന അണ്ടർ 19 വനിതാ ട്വന്റി- 20 ഏഷ്യാ കപ്പ് ഫൈനലിൽ ഇന്ത്യ നാളെ ബംഗ്ലാദേശുമായി ഏറ്റുമുട്ടും. ഇന്ത്യൻ സമയം രാവിലെ 7 മണിക്കാണ് മത്സരം. ശ്രീലങ്കയെ നാല് വിക്കറ്റിന് പരാജയപ്പെടുത്തിയാണ് ഇന്ത്യ ഫൈനലിൽ കടന്നത്. നേപ്പാളിനെ ഒമ്പത് വിക്കറ്റിന് പരാജയപ്പെടുത്തിയാണ് ബംഗ്ലാദേശ് ഫൈനലിലെത്തിയത്.

*****************************

## ISSF JUNIOR WORLD CUP-INDIA

അടുത്ത വർഷത്തെ ISSF ജൂനിയർ ലോകകപ്പിന് ഇന്ത്യ ആതിഥേയത്വം വഹിക്കും. റൈഫിൾ, പിസ്റ്റൾ, ഷോട്ട്ഗൺ എന്നീ വിഭാഗങ്ങളിൽ ഉൾപ്പടെ മത്സരങ്ങൾ നടക്കും. ടൂർണമെൻ്റിൻ്റെ തീയതികൾ തീരുമാനിച്ചിട്ടില്ല. ആഗോള കായിക രംഗത്ത് മുൻനിര സ്ഥാനം ഉറപ്പിക്കാൻ ഈ അവസരം വഴിയൊരുക്കുമെന്ന് ദേശീയ റൈഫിൾ അസോസിയേഷൻ പറഞ്ഞു.

*****************************

## SANTHOSH TROPHY

സന്തോഷ് ട്രോഫി ഫുട്ബോളിൽ ഇന്ന് നടന്ന മത്സരത്തിൽ രാജസ്ഥാനെതിരെ സർവീസസിന് 2 ഗോൾ ജയം. അല്പസമയത്തിനകം നടക്കുന്ന മത്സരത്തിൽ ബംഗാൾ - മണിപ്പൂരിനെ നേരിടും. ഇന്ന് രാവിലെ നടന്ന മത്സരത്തിൽ ജമ്മുകശ്മീർ തെലങ്കാനയെ പരാജയപ്പെടുത്തിയിരുന്നു. നാളെ നടക്കുന്ന പോരാട്ടത്തിൽ കേരളം ഡൽഹിയെ നേരിടും.

*****************************

## MADAN LOKUR-IJC APPOINTMENT

സുപ്രീം കോടതി മുൻ ജഡ്ജി മദൻ ബി ലോകൂറിനെ യുഎൻ ഇൻ്റേണൽ ജസ്റ്റിസ് കൗൺസിൽ ചെയർപേഴ്സണായി നിയമിച്ചു. 2028 നവംബർ 12 വരെ 4 വർഷത്തേക്കാണ് നിയമനം. ലോകൂറിനെ ഐജെസിയുടെ ചെയർപേഴ്സണായി നിയമിച്ചതിൽ സന്തോഷമുണ്ടെന്ന് യുഎൻ സെക്രട്ടറി ജനറൽ അൻ്റോണിയോ ഗുട്ടെറസ് പറഞ്ഞു. 2018 ഡിസംബർ 31 നാണ് ജസ്റ്റിസ് മദൻ ലോകൂർ സുപ്രീം കോടതി ജഡ്ജി സ്ഥാനത്തുനിന്നും വിരമിച്ചത്.

*****************************************************************************************

********